CCM( 19) – 2012-13

# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി

**30.01.2013-ൽ കൂടിയ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ യോഗ നടപടിക്കുറിപ്പ്**

യോഗം വൈകുന്നേരം 3.30-ന് സെക്രട്ടേറിയറ്റ് സൗത്ത് മീറ്റിംഗ് ഹാളിൽ ബഹു.നഗരകാര്യവകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ആരംഭിച്ചു.

1. സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 23.01.2013-ലെ യോഗ നടപടിക്കുറിപ്പ് അംഗീകരിച്ചു.

2. **പൊതുവിഷയങ്ങൾ**

2.1 2012-13 വാർഷിക പദ്ധതി അംഗീകാരവും നിർവഹണവും

2.1.1 2012-13 വാർഷിക പദ്ധതി നിർവഹണത്തിന്റെ പുരോഗതി അവലോകനം ചെയ്തു. സംസ്ഥാനത്ത് ആകെ 411 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി 82.30 കോടി രൂപയുടെ ചെലവാണ് പദ്ധതി നിർവഹണത്തിൽ ഇതിനോടകം ഉണ്ടായിട്ടുള്ളത്. യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് (യു.സി) ലഭിക്കാത്തതിനാൽ ഇത് യഥാർത്ഥ സ്ഥിതി പ്രതിഫലിപ്പിക്കുന്നില്ല. യഥാർത്ഥ ചെലവ് വിവരം തത്സമയം ലഭിക്കുന്നതിന് ഓരോ ചെലവിനും യു.സി.ക്ക് കാത്തു നിൽക്കാതെ താഴെപ്പറയുന്ന നടപടിക്രമം പാലിക്കാൻ തീരുമാനിച്ചു.

2.1.2 തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറി സമർപ്പിക്കുന്ന ബില്ലു പ്രകാരം ട്രഷറിയിൽ നിന്ന് ചെക്കോ ക്യാഷോ ലഭിച്ചാലുടൻ തന്നെ ആവശ്യമായ എൻട്രികൾ സാംഖ്യ ആപ്ലിക്കേഷനിൽ നടത്തേണ്ടതാണ്. നിർവഹണ ഉദ്യോഗസ്ഥരും അവരുടെ ഓഫീസ് ക്യാഷ് ബുക്കിൽ ഇപ്രകാരം ചെലവുകൾ രേഖപ്പെടുത്തേണ്ടതും വിനിയോഗ സ്റ്റേറ്റ്മെന്റ് തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിക്ക് നൽകേണ്ടതുമാണ്. സെക്രട്ടറി പ്രസ്തുത വിവരങ്ങൾ 'സാംഖ്യ'യിൽ എൻട്രി വരുത്തേണ്ടതാണ്.

2.1.3 'സാംഖ്യ' ആപ്ലിക്കേഷൻ ഇൻസ്റ്റാൾ ചെയ്തിട്ടില്ലാതെ തദ്ദേശഭരണ സ്ഥാപനങ്ങളിൽ ആവശ്യമായ ഇൻഫ്രാസ്ട്രക്ചർ സൗകര്യങ്ങൾ ഏർപ്പെടുത്തി 'സാംഖ്യ' ഓൺലൈനാക്കാനുള്ള പ്രവൃത്തി ത്വരിതപ്പെടുത്തണമെന്ന് നിർദ്ദേശിച്ചു.

**2.2** പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി രണ്ടാം വാർഷിക പദ്ധതി രൂപീകരണ മാർഗരേഖ കഴിഞ്ഞ യോഗത്തിലെ നിർദ്ദേശ പ്രകാരം ഭേദഗതി വരുത്തി 'കില' സമർപ്പിച്ച കരട് അംഗീകരിച്ചു.

**2.3** പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാന്റെ നിർദ്ദേശങ്ങൾ ചർച്ച ചെയ്ത് രണ്ടാം വാർഷിക പദ്ധതി രൂപീകരണ നടപടികൾ ത്വരിതപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ അംഗീകരിച്ചു.

**2.4** **തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾക്ക് സാങ്കേതികാനുമതി (TS) സംബന്ധിച്ച് (ഫയൽ നം.64876/ഡി.എ1/12/തസ്വഭവ)**
നിലവിലെ രീതിക്ക് ഭേദഗതി ആവശ്യമില്ലെന്ന് തീരുമാനിച്ചു.

2.5 ഖരമാലിന്യ നിർമ്മാർജനം സംബന്ധിച്ച 24.02.2012-ലെയും 12.06.2012-ലെയും സർക്കാർ ഉത്തരവുകൾക്ക് സ്പഷ്ടീകരണം നൽകാൻ തീരുമാനിച്ചു. അതുപ്രകാരം ഗ്രാമപഞ്ചായത്തു തലത്തിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർക്കും നഗരസഭാതലത്തിൽ ഹെൽത്ത് ഇൻസ്പെക്ടർ/ ഹെൽത്ത് സൂപ്പർവൈസർമാർക്കും അയിരിക്കും പദ്ധതി നടത്തിപ്പിന്റെ ചുമതല.

**3. പ്രത്യേക വിഷയങ്ങൾ**

**3.1 കോഡൂർ ഗ്രാമപഞ്ചായത്ത് (ഫയൽ നം.1353/ഡി.എ2/13/തസ്വഭവ)**

കമ്പ്യൂട്ടർ പരിശീലനം സംബന്ധിച്ച് അടങ്കൽ തുക, ഗുണഭോക്താക്കൾ തുടങ്ങിയ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന റിപ്പോർട്ട് ലഭ്യമാക്കാൻ നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.2 കുമ്പളങ്ങി ഗ്രാമപഞ്ചായത്ത് (ഫയൽ നം.76205/ഡി.എ2/13/തസ്വഭവ)**

പ്രൊഫഷണൽ കോഴ്സിനു പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് നൽകാനുള്ള പ്രോജക്ടിന്, അവർക്ക് പട്ടികജാതി വികസന വകുപ്പുമുഖേന ലാപ്ടോപ് ലഭിച്ചിട്ടില്ലെന്ന് ഉറപ്പു വരുത്തുന്നുതിന് വിധേയമായി അംഗീകാരം നൽകി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.3 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ മാവേലി സ്റ്റോർ അനുവദിക്കൽ -മാനദണ്ഡം പുതുക്കിയത് (ഫയൽ നം.32222/ഡി.എ1/12/തസ്വഭവ)**

മാവേലി സ്റ്റോർ ആരംഭിക്കുന്നതിന് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പുതുക്കിയ മാനദണ്ഡങ്ങൾ അംഗീകരിക്കാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.4 നൂൽപ്പുഴ ഗ്രാമപഞ്ചായത്ത് (ഫയൽ നം.2683/ഡി.എ2/12/തസ്വഭവ)**

പശു, ആട്, എരുമ, കന്നുകുട്ടി തുടങ്ങിയ വ്യക്തിഗത ആനുകൂല്യങ്ങൾ പട്ടികവിഭാഗക്കാർക്ക് നൽകുന്നതിനുള്ള സബ്സിഡി 50%ൽ നിന്ന് 100% ആയി വർദ്ധിപ്പിക്കണമെന്നുള്ള ആവശ്യത്തിൻമേൽ ഇപ്പോൾ തന്നെ 75% അംഗീകരിച്ചിട്ടുള്ളതാണെന്ന് നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.5 കുരുവട്ടൂർ ഗ്രാമപഞ്ചായത്ത് (ഫയൽ നം.5168/ഡി.എ2/13/തസ്വഭവ)**

കുരുവട്ടൂർ ഗ്രാമപഞ്ചായത്തിന്റെ ആവശ്യം അംഗീകരിക്കാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.6 കൊച്ചി കോർപ്പറേഷൻ**

കൊച്ചി കോർപ്പറേഷനിലെ കോൺട്രാക്ടർമാരുടെ ഡെപ്പോസിറ്റ് സംബന്ധിച്ച വിഷയം അടുത്ത യോഗത്തിൽ ചർച്ച ചെയ്യാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.7 ആലിപ്പറമ്പ് ഗ്രാമപഞ്ചായത്ത്**

ഇ.എം.എസ് ഭവന പദ്ധതിയിൽ പണി പൂർത്തിയാക്കാത്ത ഗുണഭോക്താക്കൾക്ക് ഗഡുക്കൾ നൽകുന്നതു സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കിയ ശേഷം ചർച്ച ചെയ്യാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**(യോഗം വൈകുന്നേരം 4.30–ന് അവസാനിച്ചു)**